പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1396 15-06-2012 - ലെ മറുപടിയ്ക്ക്

## നാളികേരത്തിന്റെ താങ്ങുവില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>,, പി. തിലോത്തമൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി. ശശി | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കേരകർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ചുവരുന്നനടപടികൾ എന്തെല്ലാമാണ്; | (എ) നാളികേര കൃഷിയുടെ സംരക്ഷണത്തിനായും ഉൽപാദന വർദ്ധനവിനായും നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നു.<br>**കീടരോഗ നിയന്ത്രണം.**<br>കേരളത്തിൽ തെങ്ങു കൃഷിയെ ബാധിക്കുന്ന രോഗകീടങ്ങളുടെ നിയന്ത്രണത്തിനായി സംയോജിത കീടരോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതി നാളികേര ക്ലസ്റ്റർ സമീപനത്തിലൂടെയാണ് പ്രാവർത്തികമാക്കുന്നത്.<br>**കേരശ്രീ പദ്ധതി**<br>തെങ്ങിൻ തോട്ടത്തിലെ ഇടയിളക്കൽ, തെങ്ങിൻതടം വൃത്തിയാക്കൽ, ശാസ്ത്രീയ വളപ്രയോഗവും സസ്യസംരക്ഷണവും എന്നിവയ്ക്ക് പുറമേ രോഗം ബാധിച്ചതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നട്ടുപിടിപ്പിക്കുക എന്നിവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കാൻ കഴിയുക.<br>തെങ്ങുകളുടെ രണ്ട് വർഷത്തെ പരിചരണമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.<br>**കുട്ടനാട് പാക്കേജ്**<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ കുട്ടനാട് പാക്കേജിലും തെങ്ങു കൃഷി വികസന പദ്ധതി നടപ്പിലാക്കുന്നു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>**ഇടുക്കി പാക്കേജ്**<br>ഇടുക്കി പാക്കേജിലൂടെ ഇടുക്കി ജില്ലയിലെ പദ്ധതി പ്രദേശത്ത് തെങ്ങിന്റെ |

| | | | |
|---|---|---|---|
| | | | ശാസ്ത്രീയ കൃഷി മുറകൾ അനുവർത്തിക്കുന്നതിന് തെങ്ങു കൃഷി പ്രദർശനതോട്ടങ്ങൾ നടപ്പിലാക്കുന്നു.<br>**<u>സംയോജിത നാളികേര കൃഷി വികസന പദ്ധതി</u>**<br>നാളികേര വികസന ബോർഡിന്റെ ഈ പദ്ധതി കൃഷി വകുപ്പാണ് നടപ്പിലാക്കുന്നത്.<br>**<u>തെങ്ങു കൃഷി പുനരുദ്ധാരണ പദ്ധതി</u>**<br>നാളികേര വികസന ബോർഡ് കൃഷി വകുപ്പുമായി സംയോജിച്ച് നടത്തുന്ന പദ്ധതിയായ തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം തെങ്ങുകൾ മുറിച്ചുമാറ്റി പകരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുകയും മറ്റുള്ള തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണം നൽകി ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു.<br>**<u>ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ വിതരണം</u>**<br>കൃഷി വകുപ്പിന്റെ ഫാമുകളിൽ ശാസ്ത്രീയമായ പരിചരണം നൽകി ഉത്പാദിപ്പിച്ച വിവിധയിനങ്ങളിലുള്ള (വെസ്റ്റ്കോസ്റ്റ് ടോൾ, എലൈറ്റ്, റ്റി X ഡി, ഡി X റ്റി, കുറിയ ഇനം എന്നിവ) 4.8 ലക്ഷത്തോളം തെങ്ങിൻ തൈകൾ കൃഷി ഭവനുകളിലൂടെ സംസ്ഥാനത്തുടനീളം വിതരണം നടത്തുന്നു.<br>**<u>തെങ്ങിന്റെ ചങ്ങാതി കൂട്ടം</u>**<br>നാളികേര വികസന ബോർഡ് കേര മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം ഒഴിവാക്കാനായി 40 വയസ്സിനു താഴെയുള്ളവർക്ക് തെങ്ങു കയറ്റത്തിലും തെങ്ങിന്റെ മരുന്നുതളി ഉൾപ്പെടെയുള്ള പരിചരണങ്ങൾക്കും പരിശീലനം നൽകി വരുന്നു. |
| (ബി) | നാളികേരത്തിന് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ താങ്ങുവില എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | നാളികേരത്തിന് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ 2012 സീസണിലേയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില, മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5,100/- രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5,350/- രൂപയുമാണ്. ഇതു കൂടാതെ പൊതിച്ച നാളികേരം ക്വിന്റലിന് 1,400/- രൂപ നിരക്കിൽ സംഭരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അതിനു ശേഷം നോഡൽ ഏജൻസികളായ കേരഫെഡും, മാർക്കറ്റ് ഫെഡും ഇതിനകം ഈ സീസണിൽ എത്ര ടൺ നാളികേരവും കൊപ്രയും സംഭരിച്ചിട്ടുണ്ട്; | (സി) | 09-06-2012 വരെ മാർക്കറ്റ്ഫെഡ് മുഖേന 1001 ടൺ കൊപ്രയും കേരഫെഡ് മുഖേന 14518.14 ക്വിന്റൽ കൊപ്രയും സംഭരിച്ചിട്ടുണ്ട്. |
| (ഡി) | പൊതു വിപണിയിൽ കർഷകരിൽ നിന്നും ഉൽപന്നങ്ങൾ നേരിട്ട് സംഭരിക്കണമെന്ന കർഷകരുടെ ആവശ്യത്തിൻമേലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ കർഷകർ അവരുടെ ഉൽപന്നങ്ങൾ നേരിട്ട് കൊണ്ട് വന്ന് ലേലം നടത്തി വിപണനം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനായി വിപണികളുടെ പരിസരത്ത് കർഷകരെ ഗ്രൂപ്പുകളാക്കി തിരിച്ച്, ഓരോ ഗ്രൂപ്പിലുമുള്ള കർഷകരുടെ ഉൽപന്നങ്ങൾ ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ വിപണിയിൽ കൊണ്ട് വന്ന് ലേലം ചെയ്ത് വിൽക്കുന്നു. കൃഷി വകുപ്പിലെ മാർക്കറ്റിംഗ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അടിസ്ഥാന വില നിശ്ചയിച്ചിട്ടാണ് ലേലം നടത്തുന്നത്. ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് ട്രാൻസ്പോർട്ടിംഗ് സബ്സിഡി നൽകുന്നതിനു പുറമെ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വിലയും ഉറപ്പുവരുത്തുന്നു.<br>ഇതിനു പുറമെ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നീ ഏജൻസികൾ സംസ്ഥാനത്തുടനീളമുള്ള കർഷകരിൽ നിന്നും ഉൽപന്നങ്ങൾ സംഭരിച്ച് സെയിൽസ് ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ